പതിമൂന്നാം കേരള നിയമസഭ
ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1527 | 14.12.2012-ൽ മറുപടിക്ക്

## ആധുനിക മാലിന്യസംസ്കരണ പ്ലാന്റുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. ഉമ്മർ | ശ്രീ.മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും<br>വകുപ്പു മന്ത്രി) |
| എ) എല്ലാ ജില്ലകളിലും ആധുനിക മാലിന്യസംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; | എ) ഉണ്ട്. |
| ബി) ആദ്യഘട്ടത്തിൽ ഏതെല്ലാം ജില്ലകളിലാണ് ഇത് നടപ്പിലാക്കുന്നത്. വിശദവിവരം നൽകുമോ; | ബി) തിരുവനന്തപുരം, കോട്ടയം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ എന്നീ സ്ഥലങ്ങളിൽ നവീന പ്ലാന്റുകൾ PPP (Public Private Partnership) അടിസ്ഥാനത്തിൽ സ്ഥാപിക്കാനുള്ള നടപടി കൈക്കൊണ്ടു വരുന്നു. തിരുവനന്തപുരം നഗരത്തിലെ നവീന പ്ലാന്റിനുള്ള നടപടിക്രമങ്ങൾ ഏറെക്കുറെ പൂർത്തിയായിട്ടുണ്ട്. ശേഷിക്കുന്ന സ്ഥലങ്ങളിലെ പ്ലാന്റുകൾ നിർമ്മിക്കുന്നതിനുള്ള ഏജൻസികളെ തെരഞ്ഞെടുക്കാനുള്ള നടപടിക്രമങ്ങൾ പൂർത്തിയായി വരുന്നു. |
| സി) ഫ്ളാറ്റുകളിൽ മാലിന്യ സംസ്കരണം നടത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ? | സി) ഉണ്ട്. ഫ്ളാറ്റുകളിൽ അംഗീകരിച്ച വിവിധ തരത്തിലുള്ള മാലിന്യ സംസ്കരണ സംവിധാനങ്ങൾക്ക് യൂണിറ്റ് നിരക്കിന്റെ 50% അഥവാ പരമാവധി ഫ്ളാറ്റ് ഒന്നിന് 500 രൂപ എന്ന നിരക്കിലും ഫ്ളാറ്റ് സമുച്ചയങ്ങൾക്ക് ഏറ്റവും കുറഞ്ഞ സബ്സിഡി 15,000 രൂപയുമാണ്. |

സെക്ഷൻ ഓഫീസർ